## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *270 — 18.06.2019 -ൽ മറുപടിയ്ക്ക്

## താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ<br>,, ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകളുടെ വിസ്തൃതിയും താലൂക്കിൽ ഉൾപ്പെടുന്ന വില്ലേജുകളുടെ എണ്ണവും സംബന്ധിച്ച് വലിയ അന്തരം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ചില താലൂക്കുകളിൽ കൂടുതൽ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പല കാര്യങ്ങളും കണക്കിലെടുത്താണ് താലൂക്കുകൾ രൂപീകൃതമായിരിക്കുന്നത്. ഇപ്പോൾ അത്തരം മാനദണ്ഡങ്ങളിലെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്. അതിനാൽ ചില വില്ലേജുകളെ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന താലൂക്കുകളിൽ നിന്നും വേർപ്പെടുത്തി അടുത്തുള്ള മറ്റ് താലൂക്കുകളിൽ ഉൾപ്പെടുത്തുന്നത് ജനങ്ങൾക്ക് സൗകര്യപ്രദവും ഭരണപരമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരവും ആവും. ചില താലൂക്കുകൾ രണ്ടായി വിഭജിക്കേണ്ടതിന്റെ ആവശ്യവും ഉണ്ടായെന്നു വരാം. താലൂക്ക് പുനസംഘടന സംബന്ധിച്ച് ഒരു പഠനം നടത്തിയാൽ മാത്രമെ ഇക്കാര്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തത വരികയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവും സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. |
| (ബി) | തൃശ്ശൂർ താലൂക്കിൽ എഴുപത്തിനാല് വില്ലേജുകളും കുന്നത്തൂർ താലൂക്കിൽ ഏഴ് വില്ലേജുകളും എന്നത് പോലുള്ള നിലവിലെ അവസ്ഥ പരിഹരിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (ബി) | തൃശ്ശൂർ താലൂക്ക് 74 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നതും താരതമ്യേന വളരെ വലിയ താലൂക്കുമാണ്. 74 വില്ലേജുകളുള്ള തൃശ്ശൂർ താലൂക്കിനെ വിഭജിച്ച് പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള |

വിഷയങ്ങളുൾപ്പെടെ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്.

(സി) താലൂക്കുകൾ പുന:സംഘടിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; ഇതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ടീമിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ Kerala State Remote Sensing & Enviornment Centre എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള data ലഭ്യമാക്കുന്നതിനുള്ള നടപടികളും, അത് കൂടാതെ എല്ലാ ജില്ലകളിൽ നിന്നും എല്ലാ വില്ലേജുകളുടെയും, സർക്കാർ ഭൂമിയുടെയും, ഭൂമി ഉടമകളുടെയും, കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം, ആകെയുള്ള ഭൂഉടമകളുടെ എണ്ണം, വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന ലൊക്കേഷന്റെ പേര്, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയം ഭരണ സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും, 2011 ലെ ജനസംഖ്യാ നിരക്കും എന്നീ വിവരങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞാൽ പഠന റിപ്പോർട്ടിന്റെ ഒന്നാംഘട്ടം പൂർത്തിയാകുന്നതാണ്. അതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വില്ലേജുകൾ പുന:സംഘടിപ്പിക്കുന്നത് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

(ഡി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ